പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽനിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആഢംബര വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഢംബര നികുതി എന്നിവ വർദ്ധിപ്പിച്ചതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. നികുതി സമാഹരണത്തിനായി കൈക്കൊണ്ട മേൽ നടപടികളുടെ ഫലം ലഭ്യമായിത്തുടങ്ങുന്നതേയുള്ളൂ.

(സി) സാമ്പത്തിക പ്രതിസന്ധി/പ്രയാസം മറികടക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള തങ്ങളുടെ ശമ്പളത്തിൽനിന്ന് 20% കുറവ് വരുത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നാളിതുവരെ 11,97,840 രൂപ തിരിച്ചുനൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ആസ്തി വികസന പദ്ധതിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ

167 (513) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ വാങ്ങുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങിയിട്ടുള്ള മണ്ഡലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങുന്നതിന് ആസ്തിവികസന പദ്ധതി ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിടുന്നത്. ബസ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശിപാർശകൾ അനുവദനീയമല്ല.

(സി&ഡി) കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങുന്നതിന് ആസ്തി വികസന പദ്ധതി ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല.

ട്രഷറിയിലെ നിക്ഷേപങ്ങൾ

168 (514) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ തുടങ്ങിയ മേഖലയിൽ നിന്നുള്ള സംസ്ഥാന ട്രഷറിയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ മൊത്തം സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(ബി) എത്ര ശതമാനം പലിശ നൽകാമെന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി പണം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ട്രഷറി നിക്ഷേപം ഇനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം തിരികെ നൽകേണ്ടതായ മൊത്തം തുകയും പലിശയും സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ട്രഷറിയിലുള്ള നിക്ഷേപം 2837.82 കോടി രൂപയും സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 218.60 കോടി രൂപയും ബോർഡുകളുടെ നിക്ഷേപം 1115.38 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 1390.78 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly